# 2014 ഡിസംബർ 23 കരിദിനം

വൈദ്യുതി നിയമം 2003-ലെ ജനദ്രോഹ തൊഴിലാളിദ്രോഹ വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി രാജ്യത്താകമാനമുള്ള ഇലക്ട്രിസിറ്റി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും ഓഫീസർമാരും NCCOEEE (National Co-ordination Committee of Electricity Employees and Engineers) നേതൃത്വത്തിൽ പ്രക്ഷോഭരംഗത്താണ്. വൈദ്യുതിവിതരണമേഖലയെ വിതരണം, സപ്ലൈ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്ന ഏറ്റവും ദ്രോഹകരമായ വ്യവസ്ഥ നടപ്പിലാക്കപ്പെടുന്നത് ഈ മേഖലയിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം തൊഴിലാളികളും വളരെ ആശങ്കയോടെയാണ് വീക്ഷിക്കുന്നത്. കൂടാതെ, ഇതുമായി ബന്ധപ്പെട്ട് ഒട്ടനവധി വിഷയങ്ങൾ ഇതിനുമുമ്പും ഞങ്ങൾ വിശദീകരിച്ചിരുന്നു. പാർലമെന്റ് മാർച്ച് ഉൾപ്പെടെ നിരവധി സമരപരിപാടികൾ ഇതിനോടകംതന്നെ സംഘടിപ്പിക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ അവയൊന്നും വകവയ്ക്കാതെ ജനദ്രോഹ-തൊഴിലാളിദ്രോഹ ഭേദഗതി നിർദ്ദേശങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നു. അതിനുവേണ്ടുന്ന ഭേദഗതിബിൽ ഡിസംബർ 23-ന് പാർലമെന്റിൽ അവതരിപ്പിക്കുമെന്നാണ് അറിയാൻ കഴിയുന്നത്.

ആത്യന്തികമായി ഒരുകാര്യം നാം ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്. ഈ ഭേദഗതി അംഗീകരിക്കപ്പെട്ടാൽ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുകയും തൊഴിലാളികൾ ഇന്നുവരെ അനുഭവിച്ച എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുകയും ഈ വ്യവസായമേഖല പൊതുമേഖലയിൽ നിന്നും പൂർണ്ണമായും വിടുതൽ ചെയ്യപ്പെടുന്നതുമായ ഒരു അവസ്ഥ സംജാതമാകും. ഇതിനെതിരെ രാജ്യത്താകമാനമുള്ള ഇലക്ട്രിസിറ്റി തൊഴിലാളികളും ഓഫീസർമാരും ജനപിന്തുണയോടെ കൂടുതൽ ശക്തമായ പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങുകയാണ്.

രാജ്യത്തെ വൈദ്യുതി മേഖലയെ ഉന്മൂലനാശനം ചെയ്യുവാനുള്ള ഈ നിയമഭേദഗതികൾക്കെതിരെ എല്ലാവിഭാഗം തൊഴിലാളികളും ഓഫീസർമാരും 2014 ഡിസംബർ 23 കരിദിനമായി ആചരിക്കണമെന്നും ബാഡ്ജ് ധരിക്കണമെന്നും ദേശീയ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, നമ്മുടെ പ്രതിഷേധം ഭരണാധികാരികളുടെ മുൻപിൽ എത്തിക്കുവാൻ ഇത് സംബന്ധിച്ച ഒരു പ്രമേയം തയ്യാറാക്കി അംഗീകരിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് ഇ-മെയിൽ വഴി അയയ്ക്കേണ്ടതുമാണ്.

ഈ പ്രക്ഷോഭ പരിപാടിയിൽ മുഴുവൻ തൊഴിലാളികളും ഓഫീസർമാരും പങ്കെടുത്ത് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

*അഭിവാദനങ്ങളോടെ.....*

**കെ.എസ്.ഇ.ബി. വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു.)**
**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി)**
**കെ.എസ്.ഇ.ബി. എംപ്ലോയീസ് ഓർഗനൈസേഷൻ (എസ്.ടി.യു.)**
**കേരള വിദ്യുത് മസ്ദൂർ സംഘ് (ബി.എം.എസ്)**
**കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ**
**കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ**
**കേരള പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ**
**കെ.എസ്.ഇ.ബി. സിവിൽ ബ്രാഞ്ച് എഞ്ചിനീയേഴ്സ് അസോസിയേഷൻ**
**കെ.എസ്.ഇ.ബി. പോസ്റ്റ് ഗ്രാജുവേറ്റ് എഞ്ചിനീയേഴ്സ് അസോസിയേഷൻ**
**കെ.എസ്.ഇ.ബി. കോൺട്രാക്റ്റ് വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു.)**
**കെ.എസ്.ഇ.ബി. പെറ്റി കോൺട്രാക്റ്റ് & കോൺട്രാക്റ്റ് വർക്കേഴ്സ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി)**

## 2014 ഡിസംബർ 23 കരിദിനം

**വൈദ്യുതി മേഖലയെ
തകർക്കുന്ന ഭേദഗതി
നിർദ്ദേശങ്ങൾ പിൻവലിക്കുക**

●

**വൈദ്യുതി മേഖലയെ
പൊതുമേഖലയിൽ
സംരക്ഷിക്കുക**

●

**ഗുണമേന്മയുള്ള വൈദ്യുതി
തടസ്സമില്ലാതെ കുറഞ്ഞ
വിലയ്ക്ക് എല്ലാപേർക്കും
നൽകുക**

N C C O E E E